<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2420</u> <u>15-10-2024 - ൽ മറുപടിയ്ക്ക്</u>

<u>കേന്ദ്രത്തിൽ നിന്നുള്ള പുതിയ നികുതി നിർദേശങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സാമ്പത്തിക വർഷം മുതൽ എന്തെല്ലാം പുതിയ നികുതി നിർദേശങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ കേന്ദ്രം അറിയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2024 സാമ്പത്തിക വർഷത്തിലേക്കായി രണ്ട് ഫിനാൻസ് ആക്ടുകൾ കേന്ദ്ര സർക്കാർ പാസ്സാക്കുകയുണ്ടായിട്ടുണ്ട്. 15-02-2024 ൽ പാസ്സാക്കിയ ഒന്നാമത്തെ ഫിനാൻസ് ആക്ട് പ്രകാരം ജി.എസ്.ടി. കൗൺസിൽ നിർദേശിച്ചതനുസരിച്ച് കേന്ദ്ര ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 2, 20 എന്നിവയിൽ ഭേദഗതികൾ വരുത്തുകയും 122എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കുകയും ചെയ്തു. ഈ ഭേദഗതികളുടെ പ്രാബല്യ തീയതി പിന്നീട് വിജ്ഞാപനം ചെയ്യുമെന്നായിരുന്നു ഫിനാൻസ് ആക്ടിൽ പറഞ്ഞിരുന്നത്. പിന്നീട് 06-08-2024 ലെ കേന്ദ്ര വിജ്ഞാപനം 16/ 2024 പ്രകാരം കേന്ദ്ര ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 2, 20 എന്നിവയിലെ ഭേദഗതികൾക്ക് 01-04-2025 മുതലും 122എ വകുപ്പിന് 01-10-2024 മുതലും പ്രാബല്യം നൽകുകയുണ്ടായി. 16-08-2024 ൽ പാസ്സാക്കിയ രണ്ടാമത്തെ ഫിനാൻസ് ആക്ട് പ്രകാരം കേന്ദ്ര ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 9, 10, 13, 16, 17, 21, 30, 31, 35, 39, 49, 50, 51, 54, 61, 62, 63, 64, 65, 66, 70, 73, 74, 75, 104, 107, 109, 112, 122, 127, 140, 171, ഷെഡ്യൂൾ 3 എന്നിവയിൽ ഭേദഗതികൾ വരുത്തുകയും 11എ, 74 എ, 128 എ എന്നീ പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു. പിന്നീട് 27-09-2024 ലെ കേന്ദ്ര വിജ്ഞാപനം 17/2024 - കേന്ദ്ര നികുതി പ്രകാരം വകുപ്പ് 16, 109, 171 എന്നിവയിലെ ഭേദഗതികൾക്ക് 27-09-2024 മുതലും മറ്റുള്ള ഭേദഗതികൾക്ക് 01-11-2024 മുതലും പ്രാബല്യം നൽകി. ജി.എസ്.ടി. കൗൺസിൽ നിർദേശം അനുസരിച്ച് കേന്ദ്ര സർക്കാർ കേന്ദ്ര ചരക്കു സേവന നികുതി നിയമത്തിൽ വരുത്തിയ ഭേദഗതികൾക്കനുസൃതമായ ഭേദഗതികൾ സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലും വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | 2024 ഒക്ടോബർ 1 മുതൽ കേന്ദ്രം നിർദ്ദേശിച്ച നികുതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | കേന്ദ്ര ചരക്കു സേവന നികുതി നിയമത്തിലെ പുതുതായി ചേർത്ത വകുപ്പ് 122എ യ്ക്ക് 06-08-2024 ലെ കേന്ദ്ര വിജ്ഞാപനം 16/2024 - കേന്ദ്ര നികുതി പ്രകാരം 2024 ഒക്ടോബർ 1 മുതൽ പ്രാബല്യം നൽകുകയുണ്ടായി. 27-09-2024 ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2024 പ്രകാരം ഈ ഭേദഗതികൾ സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിൽ വരുത്തുകയും പിന്നീട് കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) നിയമം, 2024 പാസാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപിക്കുന്നതിനുമുമ്പ് സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപിച്ചത് മൂലമാണ് നികുതി നിർദേശം സംബന്ധിച്ച് ഇത്തരമൊരു പ്രതിസന്ധി സംജാതമായതെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (സി) | എ, ബി പിരിവുകൾക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ പ്രതിസന്ധി സംജാതമായി എന്നു കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ